# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

KSFESA CITU

**Reg. No. 180 /71, Kottapuram Road, Thrissur-4**
**(Affiliated to C.I.T.U.No.K.1128)**
**Email: ksfesacitusc@gamil.com, Web: www.ksfesa.com**

President
**Elamaram Kareem**
**9400307786**

General Secretary
**S. Muraleekrishna Pillai**
**9446538432**


## സർക്കുലർ 5/2017

സഖാക്കളേ,

കെ.എസ്.എഫ്.ഇ സ്റ്റാഫ് അസോസിയേഷൻ (സി.ഐ.ടി.യു) സംസ്ഥാന കമ്മിറ്റിയോഗം 22-05-2017 (തിങ്കൾ) രാവിലെ 10 മണിക്ക് തിരുവനന്തപുരത്ത് ഹെഡ്‌ലോഡ് & ജനറൽ വർക്കേഴ്സ് യൂണിയൻ സംസ്ഥാന കമ്മിറ്റി ഓഫീസിൽ ചേർന്നു. സംഘടനയുടെ സംസ്ഥാനപ്രസിഡന്റ് സ:എളമരം കരീം അദ്ധ്യക്ഷത വഹിച്ചു. ബി.ഇ.എഫ്.ഐ സ്ഥാപക നേതാവ് സ:ടി.എസ്.മുരളിയുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. ജനറൽ സെക്രട്ടറി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

### 1. സ്ഥലം മാറ്റ ചട്ടങ്ങൾ - സംഘടന നൽകിയ നിർദ്ദേശങ്ങൾ ഉൾപ്പെടുത്താതെ ഏകപക്ഷീയമായി പ്രസിദ്ധീകരിച്ച മാനേജ്മെന്റ് നടപടിയിൽ പ്രതിഷേധം

ശാസ്ത്രീയമായ സ്ഥലം മാറ്റ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് സംഘടന രേഖാമൂലവും ചർച്ചയിലും കാതലായ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ഈ പ്രശ്നത്തിൽ കേരള സർക്കാരും കേരളത്തിലെ മറ്റ് പൊതു മേഖലാ സ്ഥാപനങ്ങളും അനുവർത്തിച്ച മാതൃകാനയത്തിൽ നിന്നുള്ള വ്യതിചലനം അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ സ്ത്രീസൗഹൃദവും അടിസ്ഥാനവർഗ്ഗം ജീവനക്കാരുടെ പൊതു താൽപര്യവും സംരക്ഷിക്കാനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി, സ്ഥലംമാറ്റ ചട്ടങ്ങളിൽ വ്യക്തത വരുത്തണമെന്നാവശ്യപ്പെട്ട് മാനേജ്മെന്റിന് കത്ത് നൽകാൻ തീരുമാനിച്ചു.

### 2. ലൈംഗിക പീഢനം സംബന്ധിച്ച പരാതികൾ - ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി രൂപീകരണം - സർക്കുലർ വഴി ജീവനക്കാരെ അറിയിക്കുക

നമ്മുടെ സംഘടനയുടെ രേഖാമൂലമുള്ള ആവശ്യത്തെ തുടർന്ന്, ലൈംഗിക പീഢനം സംബന്ധിച്ച പരാതികൾ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന്, സുപ്രീം കോടതിയുടെ മാർഗ്ഗ നിർദ്ദേശമനുസരിച്ചുള്ള ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി പുനസംഘടിപ്പിച്ചു. എന്നാൽ ഇത് സർക്കുലറാക്കി ജീവനക്കാരിൽ വിതരണം ചെയ്തിട്ടില്ല. അടിയന്തിരമായി ഇത്തരം പരാതികൾ പരിഹരിക്കുന്നതിനുള്ള മാർഗ നിർദേശങ്ങൾ സഹിതം സർക്കുലേറ്റ് ചെയ്യണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

### 3. ചികിത്സാ സഹായധനം- ജില്ലാ കമ്മിറ്റികൾക്ക് അഭിവാദ്യം

തിരുവനന്തപുരം ജില്ലയിലെ സ. പ്രസീദിന്റെ ഭാര്യയ്ക്ക് 6 ലക്ഷം രൂപയും, എറണാകുളം ജില്ലയിലെ സ. രേവമ്മയുടെ ചെറുമകൾക്ക് 1,10,000/- രൂപയും തൃശ്ശൂർ ജില്ലയിലെ സ. സവിതയുടെ ഭർത്താവിന് 3,70,000/- രൂപയും ചികിത്സാ ധനസഹായമായി നൽകി.

തിരുവനന്തപുരം, എറണാകുളം, തൃശൂർ ജില്ലാ കമ്മിറ്റികളുടെ നേതൃത്വത്തിൽ ജീവനക്കാരിൽ നിന്നാണ് പ്രസ്തുത തുക ശേഖരിച്ചത്. ഉദാത്ത മനുഷ്യസ്നേഹപ്രവർത്തനത്തിന് നേതൃത്വം നൽകിയ ജില്ലാ കമ്മിറ്റികളെയും ആത്മാർത്ഥമായി സഹകരിച്ച എല്ലാ വിഭാഗം ജീവനക്കാരെയും ഏജന്റുമാരെയും അപ്രൈസർമാരെയും സംസ്ഥാന കമ്മിറ്റി അനുമോദിച്ചു.

## 4. തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ

തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ എന്ന വിഷയത്തിൽ 2017 ജൂലൈ 22 ന് തിരുവനന്തപുരം കെ.എസ്.റ്റി.എ ഹാളിൽ ചേരുന്ന ശിൽപശാലയിൽ നമ്മുടെ സംഘടനയെ പ്രതിനിധീകരിച്ച് 10 വനിതകൾ പങ്കെടുക്കണമെന്ന് തീരുമാനിച്ചു.

## 5. വർക്കിംഗ് വിമൺ സംസ്ഥാന കൺവെൻഷൻ

വർക്കിംഗ് വിമൺ സംസ്ഥാന കൺവെൻഷൻ ജൂൺ 28 ന് തൃശ്ശൂരിൽ ചേരുകയാണ്. നമ്മുടെ സംഘടനയെ പ്രതിനിധീകരിച്ച് 10 വനിതകൾ പങ്കെടുക്കണമെന്ന് തീരുമാനിച്ചു.

## 6. ജില്ലാ പഠന ക്യാമ്പുകൾ

ജൂലൈ, ആഗസ്റ്റ് മാസങ്ങളിലായി എല്ലാ ജില്ലകളിലും രണ്ടു ദിവസത്തെ ജില്ലാ പഠനക്യാമ്പ് നടത്താൻ തീരുമാനിച്ചു. ഒക്ടോബർ വിപ്ലവത്തിന്റെ നൂറാം വാർഷികവും 'മൂലധന' ത്തിന്റെ 150-ാം വാർഷികവും ആഘോഷിക്കുന്ന സാഹചര്യത്തിൽ പഠനക്ലാസിലെ ഒരു വിഷയം ഇവയുമായി ബന്ധപ്പെട്ടതായിരിക്കണമെന്ന് തീരുമാനിച്ചു.

## 7. സ. സി ബി സി അനുസ്മരണം

നമ്മുടെ സംഘടനയെ 42 വർഷം ധീരമായി നയിച്ച കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ അനിഷേധ്യ നേതൃത്വം സ. സിബിസി നമ്മെ വിട്ടു പിരിഞ്ഞിട്ട് ജൂൺ 17ന് 4 വർഷം ആകുകയാണ്. എല്ലാ ജില്ലയിലും സിബിസി അനുസ്മരണ പരിപാടി നല്ല രീതിയിൽ സംഘടിപ്പിക്കണമെന്ന് തീരുമാനിച്ചു. എസ്.എസ്.എൽ.സി/പ്ലസ് ടൂ പരീക്ഷകളിൽ ഉന്നതവിജയം നേടിയ കെ.എസ്.എഫ്.ഇ ജീവനക്കാരുടെയും ഏജന്റുമാരുടെയും അപ്രൈസർമാരുടെയും കുട്ടികൾക്ക് സി ബി സി അനുസ്മരണ മെമെന്റോയും കാഷ് അവാർഡും നൽകണമെന്ന് തീരുമാനിച്ചു.

## 8. മേയ് 30 – സി.ഐ.ടി.യു. സ്ഥാപക ദിനം

സിഐടിയു സ്ഥാപകദിനമായ മെയ് 30 ന് ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണമെന്ന് തീരുമാനിച്ചു. എല്ലാ ജില്ലയിലും പ്രധാന കേന്ദ്രങ്ങളിൽ ശാഖാ പരിസരത്ത് ശുചീകരണ പ്രവർത്തനങ്ങൾക്ക് ജില്ലാ കമ്മിറ്റികൾ നേതൃത്വം നൽകണം. എല്ലാ ശാഖകളിലും 'സിഐടിയു സ്ഥാപക ദിനം' എന്ന ബോർഡുവയ്ക്കണം. പ്രധാന കേന്ദ്രങ്ങളിൽ പതാക ഉയർത്തണം.

## 9. ജില്ലാ വനിതാ പ്രവർത്തക കൺവെൻഷൻ

തൃശ്ശൂർ, കോട്ടയം, ഇടുക്കി, കൊല്ലം ജില്ലകളിൽ ജില്ലാ വനിതാ പ്രവർത്തക കൺവെൻഷനുകൾ മെച്ചപ്പെട്ട പങ്കാളിത്തത്തോടെ നടന്നു. എല്ലാ ജില്ലയിലും വനിതാ പ്രവർത്തക കൺവെൻഷൻ നടത്തണമെന്ന് തീരുമാനിച്ചു. ജില്ലാ വനിതാ പ്രവർത്തക കൺവെൻഷനുകൾ പൂർത്തിയാക്കിയതിനുശേഷം സംസ്ഥാന വനിത പ്രവർത്തക കൺവെൻഷൻ തിരുവനന്തപുരത്ത് നടത്താൻ തീരുമാനിച്ചു.

## 10. സിഐടിയു സന്ദേശം

സിഐടിയു സന്ദേശം ക്വാട്ട പൂർത്തിയാക്കാത്ത ജില്ലാ കമ്മിറ്റികൾ മേയ് മാസത്തിൽ തന്നെ ക്വാട്ട പൂർത്തീകരിക്കണമെന്ന് തീരുമാനിച്ചു.

## 11. സംഘവേദി

സംഘവേദി ക്വാട്ട പൂർത്തീകരിക്കാനുള്ള ജില്ലാ കമ്മിറ്റികൾ മേയ് മാസത്തിൽ തന്നെ ക്വാട്ട പൂർത്തീകരിക്കണമെന്ന് തീരുമാനിച്ചു.

## 12. സംസ്ഥാന സമ്മേളന ഫണ്ട്

സംസ്ഥാന സമ്മേളന ഫണ്ട് ക്വാട്ട പൂർത്തിയാക്കി സംസ്ഥാന കമ്മിറ്റിയ്ക്ക് കൈമാറാത്ത ജില്ലാ കമ്മിറ്റികൾ ജൂൺ 5-നകം ഫണ്ട് സംസ്ഥാന ട്രഷററ്ക്ക് കൈമാറണമെന്ന് തീരുമാനിച്ചു.

## 13. ശമ്പള പരിഷ്കരണം- കുടിശിക

മേയ് 25-ന് ശമ്പള പരിഷ്ക്കരണ കുടിശിക വിതരണം ചെയ്യുമെന്ന് മാനേജ്മെന്റ് അറിയിച്ചിട്ടുണ്ട്. പേ റിവിഷൻ അരിയർ ലെവിയായി അരിയർ തുകയുടെ 1% അംഗങ്ങളിൽ നിന്ന് 25-ാം തീയതി തന്നെ ശേഖരിയ്ക്കേണ്ടതാണ്.

## 14. ശമ്പളപരിഷ്കരണം - ചാർട്ടർ ഓഫ് ഡിമാൻഡ്

നിലവിലുള്ള ശമ്പളപരിഷ്കരണ കരാറിന്റെ കാലാവധി 2017 ജൂലൈ 31-ന് അവസാനിക്കുകയാണ്. പുതിയ ചാർട്ടർ ഓഫ് ഡിമാൻഡ് തയ്യാറാക്കുന്നതിന് സഖാക്കൾ എസ്.മുരളീകൃഷ്ണപിള്ള, ടി.സി. രാധാകൃഷ്ണൻ, ഷുബി അലി.എം. , സജു എസ്. എന്നിവരടങ്ങുന്ന സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തി. അംഗങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ജൂൺ 30-ന് മുമ്പായി സംസ്ഥാന സബ് കമ്മിറ്റിയ്ക്ക് ജില്ലാ കമ്മിറ്റി വഴി നൽകേണ്ടതാണ്. ജൂലൈ മാസത്തിൽ തന്നെ പുതിയ ചാർട്ടർ ഓഫ് ഡിമാൻഡ് നൽകാൻ തീരുമാനിച്ചു.

## 15. സുഗമ അക്കൗണ്ട്

ജനറൽ സെക്രട്ടറിയുടെയും ട്രഷററുടെയും പേരിൽ പയ്യന്നൂർ ശാഖയിൽ സംഘടനയ്ക്ക് വേണ്ടി പുതിയ സുഗമ അക്കൗണ്ട് ആരംഭിയ്ക്കാൻ തീരുമാനിച്ചു.

## 16. 58 വയസ്സിനുശേഷം സർവീസിൽ തുടരുന്ന ജീവനക്കാരുടെ തസ്തികകൾ ഒഴിവായി കണക്കാക്കി പ്രമോഷനുകളും പുതിയ നിയമനങ്ങളും നൽകുക.

കെ.എസ്.എഫ്.ഇ ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം 58 വയസായി നിജപ്പെടുത്തിക്കൊണ്ട് സർക്കാരും മാനേജ്മെന്റും തീരുമാനം എടുത്തതായും ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസുകൾ എത്രയും വേഗം ഒത്തുതീർപ്പാക്കാൻ അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുള്ളതായും ബഹു. ധനമന്ത്രി നിയമസഭയിൽ പ്രസ്താവിക്കുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ 58 വയസ് കഴിഞ്ഞിട്ടും സർവീസിൽ തുടരുന്ന 116 തസ്തികകൾ ഒഴിവായി കണക്കാക്കി പ്രസ്തുത തസ്തികകളിലേയ്ക്ക് പ്രമോഷനുകളും പുതിയ നിയമനങ്ങളും നടത്തണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

## 17. ജോലിഭാരത്തിനനുസൃതമായി ജീവനക്കാരെ നിയമിക്കുക

ചിട്ടി, കാസ്ബയിലെ പ്രശ്നങ്ങൾ, കാര്യക്ഷമമല്ലാത്ത POS മെഷീനുകൾ, ഇളവ് പദ്ധതി, അടിക്കടിയുള്ള സർക്കുലറുകൾ, നിരന്തരം ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ ഇവമൂലം ജീവനക്കാരുടെ ജോലിഭാരം വർദ്ധിക്കുകയാണ്. അസിസ്റ്റന്റ്, ഓഫീസ് അറ്റന്റന്റ് തസ്തികകളിൽ പ്രമോഷനുകളും രാജിയും മൂലം ഉണ്ടായ ഒഴിവുകൾ പൂർണ്ണമായും നികത്തുന്നില്ല. എക്സ് സർവീസ് ജീവനക്കാരെ ഒഴിവാക്കിയതും ജോലിഭാരം വർധിപ്പിച്ചിട്ടുണ്ട്. ഓഫീസ് അറ്റന്റന്റ്, അസിസ്റ്റന്റ് തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും സ്ഥിര നിയമനം ശക്തിപ്പെടുത്തി വർക്ക്മെൻ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**18.** 2012 ജൂലൈ മാസത്തിനുശേഷം സർവ്വീസിൽ പ്രവേശിച്ച 301 പി.റ്റി.എസ്. ജീവനക്കാരുടെ മിനിമം ശമ്പളവർദ്ധനവ് 1000 രൂപയായി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ട് നാം സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. അനുഭാവപൂർവ്വം പരിഗണിക്കുമെന്നാണ് പ്രതീക്ഷ. ആയതിനാൽ ഇടക്കാല ആശ്വാസ ഇനത്തിൽ അധികം കൈപ്പറ്റിയ തുക തിരിച്ചുപിടിക്കാനുള്ള നീക്കം മരവിപ്പിക്കണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. ഈ വിഷയത്തിൽ സർക്കാരിന് നാം നൽകിയ കത്തിന് അനുകൂലമായി മാനേജ്മെന്റ് സർക്കാരിൽ ഇടപെടണമെന്ന് ആവശ്യപ്പെടാനും തീരുമാനിച്ചു.

## 19. സി.ഐ.ടി.യു. സെക്രട്ടേറിയറ്റ് മാർച്ച്

നിർമ്മാണമേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം കാണുക, പൊതുമേഖല പുനരുദ്ധാരണം വേഗത്തിൽ പൂർത്തിയാക്കുക, കെ.എസ്.ആർ.ടി.സി. പുനസംഘടന പൂർത്തീകരിക്കുക, സ്കീം തൊഴിലാളികളുടെ ശമ്പളം വർദ്ധിപ്പിക്കുക, പരമ്പരാഗത മേഖലയെ സംരക്ഷിക്കുക, പൊതുമേഖല തൊഴിലാളികൾക്ക് പെൻഷൻ ഏർപ്പെടുത്തുക, തൊഴിലാളിക്ഷേമ പദ്ധതികൾ ശക്തിപ്പെടുത്തുക, സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്ക്കരിക്കാനുള്ള കേന്ദ്രസർക്കാർ നീക്കം തടയുക എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിയാണ്. സി.ഐ.ടി.യു. പ്രക്ഷോഭം നടത്തുന്നത്. 2017 മെയ് 31 ന് നടക്കുന്ന സെക്രട്ടേറിയറ്റ് മാർച്ചിലും ധർണ്ണയിലും 100 പേരെ പങ്കെടുപ്പിക്കുവാൻ തീരുമാനിച്ചു.

## 20 താഴെ കൊടുക്കുന്ന വിധം ജില്ലാ കമ്മിറ്റി യോഗങ്ങൾ ചേരാൻ തീരുമാനിച്ചു.

| | | |
|---|---|---|
| തിരുവനന്തപുരം | 3-6-17 | ഷുബിഅലി എം. |
| കൊല്ലം | 4-6-17 | എസ്. മുരളീകൃഷ്ണപിള്ള |
| പത്തനംതിട്ട | 11-6-17 | സജു.എസ് |
| ആലപ്പുഴ | 4-6-17 | ശ്രീനിമോൾ ടി.എം. |
| കോട്ടയം | 10-6-17 | സജു. എസ് |
| ഇടുക്കി | 4-6-17 | സജു.എസ് |
| എറണാകുളം | 10-6-17 | ഷുബിഅലി എം. |
| തൃശ്ശൂർ | 30-5-17 | എസ്. മുരളീകൃഷ്ണപിള്ള, ബി.എസ്. വിജയകുമാർ |
| പാലക്കാട് | 28-5-17 | പി. ദേവദാസ് |
| മലപ്പുറം | 4-6-17 | ഷുബിഅലി എം. |
| കോഴിക്കോട് | 15-6-17 | എസ്. മുരളീകൃഷ്ണപിള്ള |
| വയനാട് | 4-6-17 | ടി.സി. രാധാകൃഷ്ണൻ |
| കണ്ണൂർ | 28-5-17 | ടി.സി. രാധാകൃഷ്ണൻ |
| കാസർകോട് | 11-6-17 | ടി.സി. രാധാകൃഷ്ണൻ |

സംസ്ഥാന കമ്മിറ്റി യോഗം വൈകുന്നേരം 5 മണിക്ക് അവസാനിച്ചു.

അഭിവാദനങ്ങളോടെ,

തിരുവനന്തപുരം
24.5.2017

**എസ്. മുരളീകൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി